# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1897 07.03.2017- ൽ മറുപടിയ്ക്ക്

### പ്രവാസി ക്ഷേമം

| ചോദ്യം | | മറുപടി |
|---|---|---|
| | ശ്രീ. തോമസ് ചാണ്ടി | ശ്രീ. പിണറായി വിജയൻ<br>*(മുഖ്യമന്ത്രി)* |
| എ) | പ്രവാസി മലയാളികൾക്ക് ഇപ്പോൾ നല്കിവരുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | എ) പ്രവാസി മലയാളികൾക്കും തിരികെയെത്തിയ പ്രവാസികൾക്കുമായി സർക്കാർ നടപ്പിലാക്കി വരുന്ന ക്ഷേമ പദ്ധതികൾ ചുവടെ ചേർക്കുന്നു. |

- സാന്ത്വന പദ്ധതി
- നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതി
- 24 മണിക്കൂർ കോൾ സെന്റർ
- സ്കിൽ അപ്ഗ്രഡേഷൻ പ്രോഗ്രാം
- പ്രീ -ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം
- ജോബ് പോർട്ടൽ
- നോർക്ക -റൂട്ട്സ് സാറ്റലൈറ്റ് ഓഫീസുകളുടെ സ്ഥാപനം
- പ്രവാസി നിയമ സഹായ സെൽ
- എമർജൻസി റിപ്പാട്രിയേഷൻ ഫണ്ട്
- സ്വപ്ന സാഫല്യം
- നോർക്ക ബിസിനസ്സ് സഹായക കേന്ദ്രം (NBFC)
- വിസ തട്ടിപ്പിനെതിരെയുള്ള ബോധവൽക്കരണം

- എൻ.ആർ.ഐ. കമ്മീഷൻ
- കാരുണ്യം
- പ്രാഗത്ഭ്യം തെളിയിച്ച വിദേശ കേരളീയരുടെ ഡാറ്റാ ബേസ് രൂപീകരിക്കൽ

കേരള പ്രവാസി ക്ഷേമ നിധിയിൽ അംഗത്വമുള്ളവർക്ക് വേണ്ടി നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾ താഴെ ചേർക്കുന്നു.

- പെൻഷൻ
- കുടുംബപെൻഷൻ
- അവശതാ പെൻഷൻ
- 'മരണാനന്തര സഹായം
- ചികിത്സാ സഹായം
- വിവാഹ ധനസഹായം
- പ്രസവാനുകൂല്യം
- വിദ്യാഭ്യാസ ആനുകൂല്യം

ബി) ഗൾഫ് നാടുകളിലും മറ്റും പ്രയാസങ്ങൾ അനുഭവിക്കുന്ന പ്രവാസികൾക്ക് സഹായം നല്കുന്നതിനു സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ;

ബി) സൗദി അറേബ്യയിലെ ജയിലുകളിൽ ശിക്ഷാ കാലാവധി പൂർത്തിയാക്കിയ മലയാളികൾക്ക് തിരികെ നാട്ടിലെത്തുന്നതിനാവശ്യമായ ടിക്കറ്റ് ലഭ്യമാക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ, നടപ്പിലാക്കി വരുന്ന സ്വപ്ന സാഫല്യം പദ്ധതി നിലവിലുണ്ട്. ടി പദ്ധതി മറ്റ് ഗൾഫ് രാജ്യങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

വിദേശത്ത് തൊഴിൽ സംബന്ധമായ പ്രശ്നങ്ങൾ നേരിടുന്നവർക്ക് അടിയന്തിരമായി ആവശ്യമായ നിയമ സഹായം ലഭ്യമാക്കാൻ സർക്കാർ മുഖാന്തിരം എംബസ്സികളോട് അഭ്യർത്ഥിച്ചു വരുന്നു. സാധ്യമായ എല്ലാ കേസുകളിലും എംബസ്സി ഇതിനാവശ്യമായ ഉപദേശം നല്കി

വരുന്നുണ്ട്. കൂടാതെ ഇത്തരം ആവശ്യങ്ങൾ മുൻകൂട്ടി കണ്ടുകൊണ്ട് പ്രവാസി ലീഗൽ അസിസ്റ്റന്റ്സ് എന്ന പദ്ധതിക്ക് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പ് രൂപരേഖ പുനരാവിഷ്കരിക്കുന്ന നടപടി അന്തിമ ഘട്ടത്തിലാണ്.

സി) പ്രവാസി മലയാളികൾക്ക് നല്കുന്ന ക്ഷേമ പദ്ധതികൾ കാലോചിതമായി പരിഷ്കരിച്ച് നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

സി) പ്രവാസികളുടെ നിക്ഷേപ സാധ്യത ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനായി ഒരു സംവിധാനം- നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ (NBFC) സുസജ്ജമാക്കുന്നതിന് പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രവാസികൾ സ്വന്തമായി തുടങ്ങാനുദ്ദേശിക്കുന്ന സംരംഭങ്ങൾക്ക് സാധ്യമായ സഹായങ്ങൾ ചെയ്യുന്നതിനും അവർക്ക് നിക്ഷേപസാധ്യതയുള്ള വ്യവസായ രംഗങ്ങൾ ചൂണ്ടികാണിക്കുന്നതിനു ലാഭകരമായും സുരക്ഷിതമായും നിക്ഷേപം നടത്തുന്നതിനുമുള്ള ഉപദേശങ്ങളും മറ്റ് സഹായങ്ങളും നല്കുകയും ചെയ്യുകയാണ് പ്രസ്തുത പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതി വിപുലീകരിക്കുന്നതിനായി തീവ്രശ്രമങ്ങൾ നടത്തിവരുന്നു.

പ്രവാസികളുടെ ചികിത്സാ നടത്തിപ്പുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് ഗവൺമെന്റിന്റെ ഇൻഷ്വറൻസ് പോളിസിക്ക്/RSBY സമാനമായ രീതിയിലോ ഏറ്റവും ഉചിതമായ മറ്റ് രീതിയിലോ മെഡിക്കൽ ഇൻഷ്വറൻസ് നടപ്പിലാക്കുന്ന വിഷയം നോർക്ക റൂട്ട്സിന്റെ പരിഗണനയിൽ ഉണ്ട്.

**സെക്ഷൻ ഓഫീസർ**